**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3771** **15-07-2022 - ൽ മറുപടിയ്ക്ക്**

**ജലപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച തെക്ക്-വടക്ക് ജലപാതയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിൽ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്.<br><br>പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും, കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ 2022 അവസാനത്തോടെ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാത നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും, 2025ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനം, ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും ആണ് ലക്ഷ്യമിടുന്നത്. രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്.<br><br>കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയിൽ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം ഉറപ്പാക്കിക്കൊണ്ട് കനാലിന്റെ ആഴവും വീതിയും കുറഞ്ഞ ഭാഗങ്ങൾ |

വികസിപ്പിക്കുന്നതിനാവശ്യമായ നടപടികളും, ആവശ്യമായ വെർട്ടിക്കൽ / ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാത്ത പാലങ്ങൾ, ക്രോസ് സ്ട്രക്ചേഴ്സ് എന്നിവ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275 ഓളം കുടുംബങ്ങളെ കിഫ്ബിയുടെ ധനസഹായത്തോടെ പുനരധിവസിപ്പിക്കുന്നതിന് 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ ദൈർഘ്യം വരുന്ന ദേശീയ ജലപാത–3 ലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്.

കോഴിക്കോട് സിറ്റിയിൽ കൂടി കടന്ന് പോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വടകര മുതൽ മാഹി വരെ 17.61 കി.മീ. ദൂരത്തിൽ അഞ്ച് റീച്ചുകളായി തിരിച്ച് വികസനപ്രവർത്തനങ്ങൾ നടത്തിയതിൽ 12 കി.മീ. ദൂരം ജലഗതാഗത യോഗ്യമായിട്ടുണ്ട്. ബാക്കിയുള്ള ദൂരം ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും, കരിങ്ങാലിമുക്ക് ലോക്കിന്റെയും, വെങ്ങോലി ലോക്ക് കം ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും, നീലേശ്വരം-ബേക്കൽ ഭാഗത്തു 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി - വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം - ബേക്കൽ ഭാഗത്തു 186 കോടി

| | | | |
|---|---|---|---|
| | | | രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചു വരുന്നു.<br><br>സംസ്ഥാന ജലപാത, ദേശീയ ജലപാതാ നിലവാര ത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായ ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസും ഹൊറിസോണ്ടൽ ക്ലിയറൻസും ലഭ്യമാകാത്ത പാലങ്ങളും മറ്റ് ക്രോസ് സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും നടന്ന് വരുന്നുണ്ട്. |
| (ബി) | ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; അറിയിക്കാമോ? | (ബി) | 3 ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്ന പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാലിന്റെ വികസനം 2025-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ